# Desabhimani

# 27 August 2018

# Iritty, After Flood, Suspension Bridge Reconstructed

## പ്രളയം തകർത്ത തൂക്കുമരപ്പാലം പുനർനിർമിച്ച് ജനകീയ കൂട്ടായ്മ



വളയഞ്ചാൽ തൂക്കുമരപ്പാലം

**ഇരിട്ടി**

ഉരുൾപൊട്ടലിൽ തകർന്ന ആറളം ഫാം വളയഞ്ചാൽ തൂക്കുപാലം പുനർനിർമിച്ചു. ആഗസ്ത് പത്തിനാണ് പാലം തകർന്നത്. പ്രധാന മരത്തൂണുകൾ അടക്കം ചീങ്കണ്ണിപ്പുഴയിൽ ഒഴുകിപ്പോയി. ഓണത്തിനടുപ്പിച്ച രണ്ട് ദിവസംകൊണ്ട് നാട്ടുകാരുടെ സഹായത്തോടെ ആറളം ഫാമിലെ ആദിവാസി കൂട്ടായ്മയാണ് തൂക്കുപാലം പുനഃസ്ഥാപിച്ചത്. ഐടിഡിപി ജില്ലാ പ്രൊജക്ട് ഓഫീസാണ് ആവശ്യമായ സഹായം ചെയ്തത്. ആറളം ഫാം പുനരധിവാസ മിഷൻ പാലം പുനർനിർമിതിക്കാവശ്യമായ മരങ്ങളും ലഭ്യമാക്കി. കഠിന പരിശ്രമം കൂടി ഒത്തുചേർന്നപ്പോൾ വളയഞ്ചാൽ നടപ്പാലം വീണ്ടും കാൽനടയാത്രക്ക് സജ്ജമായി.

നൂറു കണക്കിന് ആദിവാസി വിദ്യാർഥികളും നാട്ടുകാരും ഫാം തൊഴിലാളികളും യാത്രക്കുപയോഗിക്കുന്ന പാലം ജൂലൈ, ആഗസ്ത് മാസങ്ങളിലായി രണ്ട് തവണ തകർന്ന് ഫാം ഒറ്റപ്പെട്ടിരുന്നു. തൊട്ടടുത്ത് നബാർഡ് പദ്ധതിയിൽ കോൺക്രീറ്റ് പാലം നിർമാണത്തിന് അനുമതിയായെങ്കിലും സാങ്കേതിക കുരുക്കുകളിൽ പെട്ട് പ്രവൃത്തി തുടങ്ങിയിട്ടില്ല.